## പതിമൂന്നാം കേരള നിയമസഭ - നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:218 | 05/03/2012 - ൽ മറുപടിക്ക്

### എടത്വ മങ്കോട്ടച്ചിറ ഫിഷ്ഫാമിലേക്ക് അനുവദിച്ച റോഡിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മുൻസർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എടത്വ മങ്കോട്ടച്ചിറ ഫിഷ് ഫാമിലേക്ക് അനുവദിച്ച റോഡിന്റെ നിർമ്മാണ പ്രവൃത്തി എത്ര മാത്രം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ ; | (എ) മുൻസർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എടത്വ മങ്കോട്ടച്ചിറ ഫിഷ് ഫാമിലേക്ക് അനുവദിച്ച റോഡിന്റെ കരാർ വച്ച് പണി ആരംഭിച്ചിട്ടുണ്ട്. ടി റോഡിന്റെ സൈഡിലെ കല്ല് കെട്ട് പണി ആരംഭിക്കുകയും റോഡിന്റെ ലവൽ എടുക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ വികസനത്തിന്റെ ഭാഗമായി വശങ്ങളിലുള്ള മരങ്ങൾ മുറിച്ചു മാറ്റുന്നതിനായി പഞ്ചായത്ത് അധികൃതർക്ക് രേഖാമൂലം അറിയിപ്പു നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) 14/07/2012 വരെയാണ് പ്രസതുത റോഡ് പൂർത്തീകരിക്കുന്നതിന് കരാർ പ്രകാരം കാലാവധി നൽകിയിട്ടുള്ളത്. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ